/33770/2022

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

നം : DFTVM/2485/2022-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:30-08-2022
ഇ-മെയിൽ :fisheriesdirector@gmail.com

## സർക്കുലർ നം.04/2022

വിഷയം :- ഫിഷറീസ് - സഹകരണം – മത്സ്യഫെഡിലെയും പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെയും ജീവനക്കാർക്ക് 2022 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാര്‍ഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

1 സർക്കാരിന്റെ 25.07.2022 ലെ ജി.ഒ.(പി) നം.74/2022/തൊഴിൽ നം. ഉത്തരവ്.

2 തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാറുടെ 20.08.2022 ലെ RCS/7055/2022-EM(1) നമ്പർ സർക്കുലർ.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 വർഷത്തെ ബോണസ് നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉല്പാദന മേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022 വർഷത്തെ ബോണസ് സഹകരണസംഘം രജിസ്ട്രാർ പ്രത്യേകം പുറപ്പെടുവിക്കുന്ന നിർദ്ദേശത്തിനനുസൃതമായിരിക്കുമെന്ന് ടി ഉത്തരവിലെ നിബന്ധന 13 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം ഫിഷറീസ് വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഉല്പാദന മേഖലയുമായി ബന്ധപ്പെടാത്ത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്തിട്ടുള്ള പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് 2022 വർഷത്തെ ബോണസ് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

1. എല്ലാ മത്സ്യ സഹകരണ സംഘങ്ങളും ലാഭനഷ്ടം നോക്കാതെ ജീവനക്കാർക്ക് 2021-22 വർഷത്തെ മൊത്തം വാർഷിക വേതനത്തിന്റെ 8.33%, മാസവേതനം പരമാവധി 7000/- രൂപ എന്ന തോതിൽ കണക്കാക്കി, ബോണസ് നൽകേണ്ടതാണ്.
2. 2021-22 വർഷത്തെ കണക്കനുസരിച്ച് ബോണസ് ആക്ടിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം മതിയായ സംഖ്യ അലോക്കബിൾ സർപ്ലസുള്ള (Allocable Surplus) സംഘങ്ങൾ 7000/- രൂപ വരെ മാസവേതനമുള്ള ജീവനക്കാർക്ക് വാർഷിക വേതനത്തിന്റെ 20% ൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണ്.

3. നിബന്ധന 2-ൽ പറഞ്ഞ പ്രകാരം അലോക്കബിൾ സർപ്ലസുള്ള Allocable Surplus) സംഘങ്ങൾ 7000/- രൂപയ്ക്ക് മേൽ മാസവേതനമുള്ള ജീവനക്കാർക്ക്, മാസവേതനം 7000/- രൂപ എന്ന് കണക്കാക്കി ആയതിന്റെ 20% ൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണ്.
4. മേൽ ഖണ്ഡിക 2 ൽ പരാമർശിച്ച പ്രകാരം ബോണസ് നൽകുന്ന സ്ഥാപനങ്ങൾ/സംഘങ്ങൾ അലോക്കബിൾ സർപ്ലസിൽ അധികരിച്ച സംഖ്യ ബോണസ് നൽകുവാൻ പാടില്ല.
5. അലോക്കബിൾ സർപ്ലസ് ഇല്ലാതിരിക്കുകയും, അതേ സമയം 2021-22 വർഷത്തെ കണക്ക് പ്രകാരം നിയമാനുസൃതമായ എല്ലാ റിസർവ്വുകളും വകയിരുത്തിയ ശേഷം അറ്റലാഭം ഉള്ള സംഘങ്ങൾ അറ്റലാഭത്തിന്റെ 40% ൽ അധികരിക്കാത്ത സംഖ്യ വരത്തക്കവിധമുള്ള തോതിൽ രണ്ടും മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ജീവനക്കാരുടെ മാസവേതനം ക്ലിപ്തപ്പെടുത്തി ബോണസ് നൽകാവുന്നതാണ്.
6. അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, കൺകറന്റ് ആഡിറ്റർ മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കണക്കാക്കുന്ന അലോക്കബിൾ സർപ്ലസും 2021-22 വർഷത്തെ അറ്റലാഭവും , അതാത് സ്ഥാപനത്തിലെ കൺകറന്റ് ആഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയതിൻ പ്രകാരമാണ് ബോണസ് നൽകുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
7. നിയമപരമായി സൂക്ഷിക്കേണ്ട കരുതലുകൾക്ക് ആവശ്യമായ തുക വകയിരുത്താതെ ലാഭനഷ്ട കണക്കിൽ കൃത്രിമമായി ലാഭം കാണിക്കുകയും, ടി ലാഭത്തിന്റെ അടിസ്ഥാനത്തിൽ ബോണസ് അധികമായി നൽകാനിടയാകുകയും ചെയ്യുന്ന പക്ഷം അപ്രകാരം അധിക തുക നൽകിയതിനുള്ള ഉത്തരവാദിത്വം അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിനും, ഭരണസമിതിക്കും ആയിരിക്കും. അധികമായി നൽകുന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതും, അപ്രകാരം ടി തുക ജീവനക്കാരിൽ നിന്നും ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട് ഭരണസമിതിക്കെതിരെ സർചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.
8. കൺകറന്റ് ആഡിറ്റർ ഇല്ലാത്ത സ്ഥാപനങ്ങൾ തെറ്റായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബോണസ് നൽകിയതായി ആഡിറ്റർ കണ്ടെത്തുകയാണെങ്കിൽ നിബന്ധന 7 ൽ നിഷ്കർഷിച്ചിരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ജീവനക്കാർക്ക് ബോണസ് നൽകുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളി സഹകരണ സ്ഥാപനങ്ങളുടെ ബൈലായിലെ വ്യവസ്ഥ എന്തുതന്നെ ആയിരുന്നാലും. 1965 ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ടിലെയും. സൂചന സർക്കാർ ഉത്തരവിലെയും നിബന്ധനകൾക്ക് വിധേയമായി പരമാവധി ബോണസ് ഒന്നും രണ്ടും മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികരിച്ച് നൽകാൻ പാടുള്ളതല്ല.

10. അലോക്കബിൾ സർപ്ലസ് കണക്കാക്കുന്നത് സംബന്ധിച്ച വിശദാംശം സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

11. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ/വായ്പാ കളക്ഷൻ ജീവനക്കാർക്ക് ടിയാളുകളുടെ കമ്മീഷനിൽ നിന്നും പ്രതിമാസ ശമ്പള പരിധിയായി 5,000/- രൂപ നിശ്ചയിച്ചുകൊണ്ട് ആയതിന് ആനുപാതികമായി മേൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ബോണസ് അനുവദിച്ച് നൽകാവുന്നതാണ്.

12. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാർക്ക് പ്രതിമാസ ശമ്പള പരിധി 5,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് ആയതിന് ആനുപാതികമായി സൂചനയിലെ നിബന്ധനകൾക്ക് വിധേയമായി ബോണസ് അനുവദിച്ച് നൽകാവുന്നതാണ്.

ഫിഷറീസ് വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള മത്സ്യഫെഡിലും മറ്റ് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലും മുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടല്ലാതെ ജീവനക്കാർക്ക് ബോണസ്സായോ, മറ്റേതെങ്കിലും പേരിലോ യാതൊരുവിധ സംഖ്യയും അധികമായി നൽകുവാൻ പാടുള്ളതല്ല.

ADEELA ABDULLA IAS
DIRECTOR OF FISHERIES

To

1. മാനേജിങ് ഡയറക്ടർ,മത്സ്യഫെഡ്
2. എല്ലാ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘം സെക്രട്ടറി / പ്രസിഡൻറുമാർക്കും
3. മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ
4. എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
5. എല്ലാ ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്കും
6. സ്റ്റോക്ക് ഫയൽ / സ്പെയർ